# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 808 09.08.2017-ന് മറുപടിയ്ക്ക്

## മൂന്നാർ കുറിഞ്ഞിമല വനഭൂമി കയ്യേറ്റം

| ചോദ്യം<br>ശ്രീ. പാറക്കൽ അബ്ദുല്ല | | മറുപടി<br>ശ്രീ. കെ. രാജു<br>(ബഹു. വനവുംമൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ദേശീയോദ്യാനമായ മൂന്നാർ കുറിഞ്ഞിമല സങ്കേതത്തിൽ ഉൾപ്പെട്ട വട്ടവട, കൊട്ടക്കാമ്പൂർ വില്ലേജുകളിലെ നൂറുകണക്കിനേക്കർ വനഭൂമി കയ്യേറ്റം മൂലം സർക്കാരിന് നഷ്ടപ്പെട്ടതായി വനം - സർവ്വേ വകുപ്പുകളുടെ സംയുക്ത പരിശോധനയിൽ കണ്ടെത്തുകയുണ്ടായോ; | (എ) | വന്യജീവി സങ്കേതവുമായി ബന്ധപ്പെട്ട സെറ്റിൽമെന്റ് പ്രവർത്തനങ്ങൾ പൂർത്തിയാകാത്തതിനാൽ വനം, റവന്യൂ, സർവ്വേ വകുപ്പുകൾ ഉൾപ്പെട്ട സംയുക്ത പരിശോധന നടന്നിട്ടില്ല. |
| (ബി) | മൂന്നാർ വനം ഡിവിഷന്റെ പരിധിയിൽ വരുന്ന ഇവിടെ വനഭൂമി മാത്രം 2717 ഏക്കർ കയ്യേറിയതായ റിപ്പോർട്ടുകൾ പരിശോധിച്ചിട്ടുണ്ടോ; | (ബി) | മൂന്നാർ വൈൽഡ് ലൈഫ് ഡിവിഷന്റെ പരിധിയിലുള്ള ഈ സ്ഥലത്ത് സ്വകാര്യ ഭൂമി കണ്ടെത്തുന്നതിനായി സെറ്റിൽമെന്റ് ഓഫീസറെ നിയോഗിച്ചുവെങ്കിലും സെറ്റിൽമെന്റ് നടപടികൾ പൂർത്തിയായിട്ടില്ലാത്തതിനാൽ കയ്യേറ്റം എത്രയെന്ന് കണക്കാക്കാൻ കഴിഞ്ഞിട്ടില്ല. |
| (സി) | നീലക്കുറുഞ്ഞി പൂക്കുന്ന സങ്കേതം സംരക്ഷിക്കാനുള്ള പദ്ധതികൾ യാഥാർത്ഥ്യമാകാത്തത് കയ്യേറ്റത്തിന് സഹായകമായതായി കരുതുന്നുണ്ടോ; എങ്കിൽ ഈ പ്രദേശമടക്കം വനഭൂമി കയ്യേറ്റം തടയുന്നതിനും കയ്യേറിയവ തിരിച്ച് പിടിക്കുന്നതിനും എന്തൊക്കെ നടപടികൾ കൈക്കൊള്ളുമെന്ന വിശദമാക്കാമോ? | (സി) | ഈ പ്രദേശത്തെ കയ്യേറ്റക്കാരെ ഒഴിപ്പിച്ച് സെറ്റിൽമെന്റ് നടപടികൾ പൂർത്തീകരിച്ച് ഭൂമി അളന്നുതിരിച്ച് വനം വകുപ്പിന് കൈമാറിയാൽ മാത്രമേ അവിടെ കയ്യേറ്റം തടയുന്നതിന് തുടർനടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ. ഈ സ്ഥലത്ത് സെറ്റിൽമെന്റ് നടപടികൾ പൂർത്തിയാക്കുന്നതിന് തുടർനടപടികൾ സ്വീകരിക്കേണ്ടത് സെറ്റിൽമെന്റ് ഓഫീസറായ സബ് കളക്ടറാണ്. |

സെക്ഷൻ ഓഫീസർ